**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1256** **07-02-2023 - ൽ മറുപടിയ്ക്ക്**

**റോഡുകളിൽ യഥാസമയം അറ്റകുറ്റപ്പണി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നാഷണൽ ഹൈവേ ഉൾപ്പെടെയുള്ള പൊതുമരാമത്ത് വകുപ്പിന്റെ കീഴിലെ റോഡുകളിൽ യഥാസമയം അറ്റകുറ്റപ്പണി നടത്തുന്നുവെന്ന് ഉറപ്പാക്കാൻ എന്തൊക്കെ ക്രമീകരണമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളുടെ അറ്റകുറ്റപണികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ഗതാഗത യോഗ്യമായി നിലനിർത്തുന്നതിനും റണ്ണിംഗ് കോൺട്രാക്ട് വ്യവസ്ഥയിൽ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. നിലവിൽ 12332 കി.മീ.റോഡുകൾ റണ്ണിംഗ് കോൺട്രാക്ട് വ്യവസ്ഥയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 7685.05 കിലോ മീറ്റർ റോഡു കൂടി റണ്ണിംഗ് കോൺട്രാക്ടിൽ പരിപാലിക്കാൻ 183.4 കോടി രൂപയുടെ ഭരണാനുമതി കൂടി നൽകിയിട്ടുണ്ട്. കൂടാതെ മഴക്കാലപൂർവ്വ പ്രവൃത്തികളിൽ ഉൾപ്പെടുത്തി അടിയന്തിര അറ്റകുറ്റ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. പരിപാലന കാലാവധിയിലുള്ള റോഡുകളിൽ അതാത് കരാറുകാരനെക്കൊണ്ടും പരിപാലന കാലാവധിയിലല്ലാത്ത റോഡുകളിൽ റണ്ണിംഗ് കോൺട്രാക്ട്, പ്രീ.മൺസൂൺ പ്രവൃത്തികളുടെ കരാറുകാരെക്കൊണ്ടും കുഴികളും മറ്റും സമയബന്ധിതമായി നികത്തി ഗതാഗതയോഗ്യമാക്കുന്നുണ്ട്.<br><br>പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള റണ്ണിംഗ് കോൺട്രാക്ട് പ്രകാരമുള്ള റോഡുകൾ പരിശോധിക്കാൻ നിലവിൽ പൊതുമരാമത്ത് സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ചീഫ് എഞ്ചിനീയർമാർ എന്നിവരുൾപ്പെട്ട സ്പെഷ്യൽ ഇൻസ്പെക്ഷൻ ടീമും സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെ നേതൃത്വത്തിലുള്ള പരിശോധന സംഘവും നിലവിലുണ്ട്. സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നേതൃത്വത്തിലുള്ള ടീം 30 ദിവസത്തിലൊരിക്കൽ പരിശോധനകൾ നടത്തി വരുന്നു.<br><br>ദേശീയപാത വിഭാഗത്തിൻ കീഴിലുള്ള റോഡുകൾക്ക് കേടുപാടുകൾ പറ്റുന്നത് യഥാസമയം കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ആയതിന് |

| | | | |
|---|---|---|---|
| | | | താല്ക്കാലിക പരിഹാരമായി Ordinary Repair (OR) ലും Flood Damage Repair (FDR) ലും തുക കേന്ദ്രം നൽകുകയും ചെയ്യാറുണ്ട്. ഇതുകൂടാതെ ഇവയുടെ സ്ഥായിയായ റിപ്പയറിന് വേണ്ട പദ്ധതികൾ കേന്ദ്ര മന്ത്രാലയത്തിന്റെ ആന്വൽ റിന്യൂവൽ പ്രോഗ്രാമിൽ ഉൾപ്പെടുത്തി അനുമതി ലഭിക്കാറുണ്ട്. ഇതുപയോഗിച്ച് ദേശീയപാത ഗതാഗതയോഗ്യമാക്കാറുണ്ട്. NHAI യ്ക്ക് കൈമാറിയ ദേശീയപാതകളിൽ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുള്ള ഉത്തരവാദിത്തം NHAI – യ്ക്കാണ്. NHAI കൈമാറിയ സ്ട്രെച്ചുകളിൽ അറ്റപ്പണി ചെയ്യുന്നതിന് NHAI യിൽ നിന്ന് ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ദേശീയപാത വിഭാഗം ചെയ്യുന്നുണ്ട്. |
| (ബി) | അറ്റകുറ്റപ്പണി സമയബന്ധിതമായി നടത്താതെ കൃത്യ വിലോപം കാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ? | (ബി) | പ്രവൃത്തികൾ നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ള ഉദ്യോഗസ്ഥരെ തൽ സ്ഥാനത്ത് നിന്ന് മാറ്റുന്നത് ഉൾപ്പെടെയുള്ള അച്ചടക്ക നടപടികൾ കൈക്കൊണ്ടു വരുന്നു. |

സെക്ഷൻ ഓഫീസർ